TRANSFORMING LIFE • LIGHTING KNOWLEDGE
VMJ
GROUP OF INSTITUTIONS

## VMJUPS VALLAKKADAVU

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025- 2026

സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതി

# ആമുഖം

തിരുവനന്തപുരം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് വള്ളക്കടവ് വാർഡിൽ ജുമാമസ്ജിദിനും ആഭ്യന്തര വിമാനത്താവളത്തിനും അടുത്തായി തീരപ്രദേശത്താണ് വി.എം ജെ. യു. പി. എസ്സ് എന്ന വിദ്യാലയം സ്ഥിതിചെയ്യുന്നത്. വള്ളക്കടവ്, പരുത്തിക്കുഴി ബീമാപള്ളി, പൂന്തുറ തുടങ്ങിയ മേഖലകളിൽ വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെയും ചുമട്ടുതൊഴിലാളികളുടെയും മക്കളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

1979 ജൂൺ 1-ാം തീയതി വള്ളക്കടവ് ജമാഅത്തിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിന്റെ ആദ്യ ഹെഡ്മിസ്ട്രസായി ശ്രീമതി സബിത ടീച്ചർ ചുമതലയേറ്റു. 12 ഡിവിഷനുകളുമായി തുടങ്ങിയ വിദ്യാലയം ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ 15 ഡിവിഷനുകളായി ഉയർന്നു. തുടർന്ന് ഓരോ വർഷവും കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു.

എന്നാൽ 1994-95 കാലഘട്ടമായപ്പോഴേക്കും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തോടനുബന്ധിച്ച് ധാരാളം കുടുംബങ്ങളെ കുടുയൊഴിപ്പിച്ചതിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു.

വിദ്യാലയത്തിന് നാടിന്റെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ നിലവാരത്തിന് വളരെയധികം മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞു. എന്ന് നിസ്സംശയം പറയാൻ കഴിയും. പാഠ്യവിഷയങ്ങൾക്കൊപ്പം പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് നമ്മുടെ വിദ്യാലയം മുന്നേറുന്നത്. ശാസ്ത്രോത്സവം, അറബിക്, കലോത്സവം തുടങ്ങി സബ്ജില്ല, ജില്ലാതല മത്സരങ്ങളിൽ മികവാർന്ന നേട്ടം നേടിവരുന്നു.

മാനേജർ ശ്രീ. സൈഫുദ്ദീൻ ഹാജി, ഹെഡ്മിസ്ട്രസ് ശ്രീമതി നൂർജഹാൻ ഉൾപ്പെടെ പതിമൂന്ന് അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റും സേവനമനുഷ്ഠിക്കുന്ന ഈ വിദ്യാലയത്തിൽ 10 ഡിവിഷനുകളിലായി 309 കുട്ടികൾ പഠിക്കുന്നു.

## വിലയിരുത്തൽ

അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാനും സമയ ബന്ധിതമായി ചെയ്യുവാനും അക്കാദമിക മാസ്റ്റർ പ്ലാന് കഴിഞ്ഞു എന്ന് മനസ്സിലാക്കാൻ സാധിച്ചു. ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് അവർക്ക് കിട്ടേണ്ടുന്ന നൈപുണ്യങ്ങൾ ഒരു പരിധി വരെ സ്വായത്തമാക്കാൻ സാധിച്ചു. ശാസ്ത്ര, ഗണിത ശാസ്ത്രപരമായ താത്പര്യം കുട്ടികളിൽ വർദ്ധിപ്പിക്കുവാനും ശാസ്ത്രോത്സവം പോലുള്ള പരിപാടികളിൽ ഉന്നത വിജയം കരസ്ഥമാക്കാനും കഴിഞ്ഞു. ജൈവോദ്യാനം സ്കൂളിൽ ഉണ്ടാക്കി എടുക്കാനും വരും വർഷങ്ങളിൽ അത് കൂടുതൽ പരിപോഷിപ്പിക്കാനും തീരുമാനിച്ചു. കുട്ടികൾക്കായി ഒട്ടനവധി സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കാൻ സാധിച്ചു.

ലൈബ്രറി ശാസ്തീകരണത്തിന്റെ ഭാഗമായി ധാരാളം ബുക്കുകൾ ശേഖരിക്കുകയും തിരുവനന്തപുരം നോർത്ത് സബ് ജില്ലയിലെ ഏറ്റവും മികച്ച ലൈബ്രറിക്കുള്ള അവാർഡ് നേടുവാനും സാധിച്ചു.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ വിഷയങ്ങളിൽ നിന്നും നേടേണ്ട പഠനശേഷികൾ കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പ് വരുത്തുക.
- വിഷയാധിഷ്ഠിതമായി അധ്യാപകർക്ക് വേണ്ട പരിശീലനങ്ങൾ നൽകുകയും കുട്ടികൾക്ക് നല്ല പഠനാന്തരീക്ഷം ഒരുക്കുകയും ചെയ്യുന്നു.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി തുടങ്ങിയ വ്യത്യസ്ത ഭാഷകൾ എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കും.
- ഗണിത, ശാസ്ത്ര നൈപുണ്യങ്ങൾ സ്വായത്തമാക്കാൻ കഴിയുന്ന രീതിയിൽ വിദ്യാർത്ഥി അധിഷ്ഠിത ക്ലാസ് റൂമുകൾ സജ്ജമാക്കുക.
- സെമിനാറുകൾ, പഠന യാത്രകൾ തുടങ്ങി പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ഗൈഡൻസ്, കൗൺസിലിംഗ് പോലുള്ള വ്യക്തിത്വ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവ ലക്ഷ്യമാക്കി 'ഹരിത വിദ്യാലയം' എന്ന പദ്ധതി നടപ്പിലാക്കും.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

Subject: **English**

**<u>ലക്ഷ്യങ്ങൾ /Objectives</u>**

- Enable Children to communicate in English
- Prepare to read independently
- Prepare for free writing
- Train all children in English computer
- Arrange a Class Library
- Include simple books at the early stage of reading
- Strengthen English club activities
- Give opportunity to express their ideas in English

**<u>Activities</u>**

- Identification of Phonic sound
- Lend your ear
- Follow me if you can!
- Missing man
- One man show
- I too can!!
- Learning ladder
- FM Corner
- Meet the Foreigner
- Reader of the Month
- Fun time English
- Role play
- English Drama
- English Song
- My proplets
- Alert Zone

# മേഖല: ഹിന്ദി

## ലക്ഷ്യം

- രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കൽ
- ആശയ സംവാദം നടത്താനും പദസമ്പത്ത് വർദ്ധിപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നു.
- കുട്ടികളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു.
- സാഹിത്യകാരന്മാരോട്ടും, കൃതികളോട്ടും അനുകൂല മനോഭാവവും, ആദരവും ഉണർത്തുന്നു.
- കുട്ടികളിലെ കലാവാസന പരിപോഷിപ്പിക്കുന്നു.
- നൈസർഗ്ഗിക കഴിവുകൾ ഭാഷാടിസ്ഥാനത്തിൽ വിപുലമാക്കുന്നു.
- ഹിന്ദി ഭാഷയിലൂടെ ആശയവിനിമയം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു.
- രാഷ്ട്രഭാഷ കുട്ടി കരസ്ഥമാക്കുന്നു.
- സുരീലി ഹിന്ദിയിലൂടെ കുട്ടികൾ കൂടുതൽ ഹിന്ദി ഭാഷയോട് താല്പര്യം കാണിക്കുകയും ഭാഷാനൈപുണി മനസ്സിലാക്കി പോസി റ്റീവ് മനോഭാവങ്ങൾ നേടുന്നു.

## പ്രവർത്തനങ്ങൾ

- ലളിതവും രസകരവുമായി അധ്യാപിക ക്ലാസ്സിൽ ഹിന്ദി ഭാഷ കുട്ടിക ളിൽ എത്തിക്കുന്നു.
- ഹിന്ദിയിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ കുട്ടിയെ പരിശീലിപ്പിക്കുന്നു.
- ICT ഉപയോഗിച്ച് കുട്ടികളെ ഹിന്ദി സിനിമയും, വാർത്തകളും കേൾപ്പിക്കുന്നു.
- ഹിന്ദിയിൽ അസംബ്ലി നടത്തുന്നു.
- ഭാഷാ ക്ലബ്ബ് രൂപീകരിക്കുന്നു.
- വായനാ കാർഡുകൾ കുട്ടികൾക്ക് നൽകുന്നു.
- ഹിന്ദി ഭാഷയിൽ നോട്ടീസ്, പോസ്റ്റർ, ലറ്റർ എന്നിവ നിർമ്മിക്കാൻ അവരെ പ്രാപ്തരാക്കുന്നു.
- ഹിന്ദി ദിനം ആഘോഷിക്കുന്നു.
- റേഡിയോ VMJ യിലൂടെ ഹിന്ദി കവിതകൾ, കഥകൾ എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- സുരീലി ഹിന്ദിയിലെ പ്രവർത്തനങ്ങൾ ചെയ്ത് റിപ്പോർട്ട് തയ്യാറക്കുന്നു.

# മേഖല: ഗണിതം

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തണം.
- മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായി വരുന്ന ഗണിതശേഷികൾ നേടണം.
- യുക്തിചിന്ത വികസിപ്പിക്കുന്നതിനും, സംഖ്യാബോധം കുട്ടികളിൽ ഉണ്ടാകാനുമുള്ള അവബോധം ലഭിക്കണം.
- പ്രശ്ന പരിഹരണരീതി ശാസ്ത്രീയതലത്തിൽ നേടാനുള്ള കഴിവ് ലഭിക്കുന്നു.
- ഗണിതം ആസ്വദിക്കാൻ പ്രാപ്തരാക്കണം.
- വസ്തുതകൾ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടാനുതകുന്നതാകണം.
- ICT ഉപയോഗിച്ച് ഗണിതാശങ്ങൾ ക്രോഡീകരിക്കാനുള്ള പഠനമികവ് കുട്ടികളിൽ ഉയരണം.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.
- ചതുഷ്ക്രിയകൾ ചെയ്യുന്നതിൽ കൂടുതൽ പ്രാവീണ്യം നേടുന്നു.
- ഗുണനപ്പട്ടിക മനഃപാഠമാക്കുന്നു.
- സൂക്ഷ്മത, കൃത്യത, സത്യസന്ധത എന്നിവ ജീവിത നൈപുണിയായി വളർത്തിയെടുക്കുന്നു.
- പലിശ, ലാഭം, നഷ്ടം, ശതമാനം എന്നിവയുടെ പ്രയോഗങ്ങൾ തിരിച്ചറിയുന്നു.
- ഭിന്നസംഖ്യകൾ, കൃത്യങ്കങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നേടുന്നു.
- ജ്യാമിതീയ രൂപങ്ങളെക്കുറിച്ചും, നിർമ്മിതികളെക്കുറിച്ചുമുള്ള ആശ യങ്ങൾ സ്വായത്തമാക്കുന്നു.
- ഗണിതശാസ്ത്രജ്ഞന്മാരെക്കുറിച്ച് അറിവ് നേടുന്നു.
- അളവുകൾ തമ്മിലുള്ള അംശബന്ധത്തെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനുള്ള കഴിവ് നേടുന്നു.

## പ്രവർത്തനം

- ഗണിത കളികളിലൂടെ ഗണിതാശയം കുട്ടികളിൽ ഉത്സാഹത്തോടെ കൈകാര്യം ചെയ്യാനുള്ള അറിവ് നേടുന്നു.
- പസിൽസ്, അബാക്കസ് എന്നിവയിലൂടെ ഗണിതക്രിയകൾ കുട്ടികൾ പഠിക്കുന്നു.
- ഗുണന പട്ടിക എളുപ്പത്തിൽ പഠിക്കാൻ കളികളിലൂടെ അവരെ നയി ക്കുന്നു. രസകരമായ ക്ലാസ്സ് അന്തരീക്ഷം ഉടലെടുക്കുന്നു.
- പ്രായോഗിക സന്ദർഭങ്ങളിലൂടെ ഭാഗം വെയ്ക്കാനും, സംഖ്യകളെ കൂട്ടങ്ങളാക്കുന്നതിനുമുള്ള അവസരം നൽകുന്നു.
- സംഖ്യാ ബന്ധങ്ങൾ വിശദമാക്കുന്ന പസിലുകൾ, പാറ്റേണുകൾ എന്നിവ നിർമ്മിക്കുന്നു.
- മട്ടങ്ങൾ ചേർത്ത് വിവിധ പ്ലാനുകൾ നിർമ്മിക്കാൻ പഠിക്കുന്നു.
- വൃത്തം എന്താണെന്നും, അതിന്റെ ആരം, വ്യാസം എന്നിവ മനസ്സിലാക്കാനുമായി ചുറ്റുപാടുമുള്ള സർക്കിൾ ആകൃതിയിലെ വസ്തുക്കൾ നിരീക്ഷിച്ച് വൃത്തം എന്താണെന്ന അർത്ഥം കരസ്ഥമാക്കുന്നു.
- ഗണിത ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നു.
- പിക്ടോഗ്രാഫിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നൽകുന്നു.
- ഗണിതശാസ്ത്ര നിഘണ്ടു തയ്യാറാക്കാൻ പ്രവർത്തനം നൽകുന്നു.

# മേഖല: ശാസ്ത്രം

- ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും
- ശാസ്ത്രചിന്ത, ശാസ്ത്രബോധം ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.
- പാരിസ്ഥിതികാവബോധം വളർത്തുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.
- പരിസര സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയുക.
- ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിലുള്ള മനോഭാവം വളർത്തിയെടുക്കുക.
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക.
- ചിത്രങ്ങൾ അപഗ്രഥനം ചെയ്യുവാനും പരീക്ഷണ രൂപകല്പനക്കും അവസരം നൽകി ശാസ്ത്ര താല്പര്യം വളർത്തുക.
- പരിസ്ഥിത സൗഹൃദ മനോഭാവം വളർത്തൽ
- പരിസര നിരീക്ഷണവും പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി പ്രോജക്ട് തയ്യാറാക്കൽ
- ഔഷധ സസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ
- ജൈവ ഉദ്യാനം പരിപോഷിപ്പിക്കൽ
- സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- ശാസ്ത്രോത്സവം സംഘടിപ്പിക്കൽ
- കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക, ജൈവവളങ്ങൾ ഉപയോഗിച്ചുള്ള ജൈവകൃഷിക രീതിയാണ് മണ്ണിനും മനുഷ്യനും നല്ലത് എന്ന തിരിച്ചറിവിൽ എത്തിച്ചേരൽ
- ജലം അമൂല്യമാണെന്നും, ജലം സംരക്ഷിക്കുന്നതിനോടൊപ്പം വിഭവങ്ങൾ സംരക്ഷിക്കേണ്ടതാണെന്നുള്ള തിരിച്ചറിയൽ
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ
- പാരമ്പര്യ ഊർജ്ജസ്രോതസുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന മനോഭാവം വളർത്തൽ
- ശാസ്ത്ര ക്വിസ്, ശാസ്ത്രനാടകം, വിസ്മയ ചുമർ സെമിനാർ, ഡോക്യുമെന്ററി എന്നിവയുടെ പ്രവർത്തനം.
- ICT ഉപയോഗപ്പെടുത്തൽ
- ലാബിലെ ഉപകരണങ്ങൾ പരിചയപ്പെടാനും അവ കൈകാര്യം ചെയ്യാ നുമുള്ള അവസരങ്ങൾ നൽകുക.
- സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക

## പൊതുലക്ഷ്യങ്ങൾ

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാള അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാള അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാള അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക്: പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാള അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളി യുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മ കശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീ ലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം<br>രണ്ട് വർഷം<br>വർഷാവസാനം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ<br>മലയാളം, ഐ.ടി. അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>▶ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▶ മുന്നറിവ് പരിശോധിക്കൽ<br>▶ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▶ വാചകങ്ങൾ നിർമ്മിക്കൽ<br>▶ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 2.വായനാവസന്തം<br>▶ വായന മത്സരം<br>▶ ക്ലാസ് ലൈബ്രറി<br>▶ സ്കൂൾ ലൈബ്രറി<br>▶ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▶ വായന കുറിപ്പുകൾ<br>▶ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3.എഴുത്തുത്സവം<br>▶ എഴുത്തുകൂട്ടം<br>▶ പതിപ്പുകളുടെ നിർമാണം<br>▶ വായന കുറിപ്പ് ശേഖരണം<br>▶ ഇൻലന്റ് മാഗസിൻ<br>▶ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▶ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▶ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▶ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▶ യാത്രകൾ<br>▶ അറബിക് മേള ( നാടകം .മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▶ ഭാഷ കളികൾ അറബിക് അസംബ്ലി<br>▶ ഭാഷാ പ്രദർശനം<br>▶ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>▶ സ്മാർട്ട് ക്ലാസ്റൂം .<br>▶ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▶ ചിത്രീകരണങ്ങൾ<br>▶ സിനിമ<br>▶ ആനിമേഷൻ<br>▶ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്: ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്, ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | കണ്ടറിയാനൊരു യാത്ര: വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, | ജൂലൈ | | |
| | ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. പരീക്ഷണക്കളരി: നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | | |